REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 16-05-2025 | സമയം 06.45 AM

## പ്രധാന വാർത്തകൾ

- **സമാധാനമെന്ന കാഴ്ചപ്പാട് നിലനിർത്തിക്കൊണ്ട് തന്നെ ഭീകരതയെ നേരിടാൻ ഓപ്പറേഷൻ സിന്ദൂറിലൂടെ ഇന്ത്യ പുതിയൊരു ആഗോള മാനദണ്ഡം നിശ്ചയിച്ചെന്ന് ഉപരാഷ്ട്രപതി ജഗദീപ് ധൻകർ.**
- **ആണവ ഭീഷണിയുയർത്തുന്ന പാകിസ്ഥാന്റെ അണ്വായുധ ശേഖരം രാജ്യാന്തര ആണവോർജ്ജ ഏജൻസി പിടിച്ചെടുക്കണമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.**
- **സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയായ 51 റോഡുകൾ മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് നാടിന് സമർപ്പിക്കും.**
- **ഇംഗ്ലണ്ട് പര്യടനത്തിന് 15 അംഗ ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീമിനെ BCCI പ്രഖ്യാപിച്ചു.**

## വാർത്തകൾ വിശദമായി

സമാധാനമെന്ന കാഴ്ചപ്പാട് നിലനിർത്തിക്കൊണ്ടുതന്നെ ഭീകരതയെ കൃത്യതയോടെ നേരിടാൻ ഇന്ത്യ ഓപ്പറേഷൻ സിന്ദൂറിലൂടെ പുതിയൊരു ആഗോള മാനദണ്ഡം നിശ്ചയിച്ചെന്ന് ഉപരാഷ്ട്രപതി ജഗദീപ് ധൻകർ പറഞ്ഞു. ഭീകരവാദം ഒരു രാജ്യം മാത്രം നേരിടുന്ന പ്രശ്നമല്ലെന്നും ആഗോള സുരക്ഷയ്ക്ക് തന്നെ വെല്ലുവിളിയാണെന്നും അദ്ദേഹം ജയ്പൂരിൽ പറഞ്ഞു.

ലക്ഷർ ഇ-തൊയ്ബക്കും ജെയ്ഷെ മുഹമ്മദിനുമെതിരെ രാജ്യാന്തര അതിർത്തിയിൽ ഇന്ത്യ നടത്തിയ സൈനിക നടപടിയ്ക്ക് ആരും തെളിവ്

ആവശ്യപ്പെട്ടിട്ടില്ല. ഇത് ആഗോള തലത്തിൽ ഇന്ത്യ പുതിയ ശക്തിയായി മാറുന്നതിന് തെളിവാണെന്നും ഉപരാഷ്ട്രപതി അഭിപ്രായപ്പെട്ടു. ഭൈറോൺ സിംഗ് ഷെഖാവത്ത് സ്മൃതി പുസ്തകാലയം ഉദ്ഘാടനം ചെയ്യുകയായിരുന്നു ജഗദീപ് ധൻകർ.

✪✪✪

ആണവായുധത്തിന്റെ പേരിൽ ഇന്ത്യയെ നിരന്തരം ഭീഷണിപ്പെടുത്തുന്ന പാകിസ്ഥാന്റെ അണ്വായുധ ശേഖരം രാജ്യാന്തര ആണവോർജ്ജ ഏജൻസിയുടെ നിയന്ത്രണത്തിന് കീഴിലാക്കണമെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ആവശ്യപ്പെട്ടു. ഉത്തരവാദിത്ത രഹിതമായാണ് പാകിസ്ഥാൻ ആണവ ഭീഷണി ഉയർത്തുന്നതെന്ന് ലോകം പലവട്ടം സാക്ഷിയായിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

ഡെസ്ക് റിപ്പോർട്ട്

......വോയ്സ്.......

ആണവായുധ ഭീഷണിയുടെ മറവിൽ ഇന്ത്യയെ മുൾമുനയിൽ നിർത്താനാണ് പാകിസ്ഥാൻ ശ്രമിക്കുന്നതെന്ന് ശ്രീനഗറിലെ ബഡാമിബാഗ് കന്റോൺമെന്റിൽ സൈനികരെ അഭിസംബോധന ചെയ്ത രാജ്നാഥ് സിംഗ് വ്യക്തമാക്കി.

പ്രധാനമന്ത്രി നരേന്ദ്രമോദി ഭീകരവാദത്തിനെതിരായ ഇന്ത്യയുടെ നയത്തെ പുനർനിർവചിച്ചതായി അദ്ദേഹം പറഞ്ഞു. ഇന്ത്യൻ മണ്ണിൽ ഉണ്ടാകുന്ന ഓരോ ആക്രമണവും യുദ്ധമെന്ന നിലയിൽ തന്നെ പരിഗണിക്കുന്ന സമീപനമാണ് രാജ്യം സ്വീകരിച്ചിരിക്കുന്നത്. ഭീകരതയ്ക്കെതിരെ ഇന്ത്യയെടുത്ത ചരിത്രത്തിലെ ഏറ്റവും വലിയ നടപടിയാണ് ഓപ്പറേഷൻ സിന്ദൂർ എന്നും രാജ്നാഥ് സിംഗ് അഭിപ്രായപ്പെട്ടു.

✪✪✪

ഇന്ത്യയും പാകിസ്ഥാനും നിയന്ത്രണ രേഖയിലെ അതീവ ജാഗ്രതാ സാഹചര്യം കുറയ്ക്കാനും പരസ്പര വിശ്വാസം മെച്ചപ്പെടുത്താനും നടപടികൾ തുടരുകയാണെന്ന് സൈനിക കേന്ദ്രങ്ങൾ അറിയിച്ചു. ഈ മാസം പത്തിന് ഇരു രാജ്യങ്ങളുടെയും സൈനിക നടപടി ഡയറക്ടർ ജനറൽമാർ തമ്മിലെത്തിയ ധാരണയുടെ അടിസ്ഥാനത്തിലാണ് നടപടികളെന്നും സൈനിക കേന്ദ്രങ്ങൾ പറഞ്ഞു.

✪✪✪

ഓപ്പറേഷൻ സിന്ദൂറിന്റെ വിജയത്തിൽ സൈനികർക്ക് ആദരം അർപ്പിച്ച് തൃശൂരിൽ സംഘടിപ്പിച്ച തിരംഗയാത്ര ഇന്നലെ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഫ്ളാഗ് ഓഫ് ചെയ്തു. ഓപ്പറേഷൻ സിന്ദൂർ ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്ന ഭീകരവാദത്തിന് നൽകിയ താക്കീതാണെന്ന് സുരേഷ് ഗോപി പറഞ്ഞു.

✪✪✪

സൈന്യത്തിന് അഭിവാദ്യം അർപ്പിച്ച് രാവിലെ കൊച്ചിയിൽ തിരംഗ യാത്ര നടത്തും. എറണാകുളം ഗവൺമെൻറ് ഗസ്റ്റ് ഹൗസിനു മുന്നിൽ നിന്ന് ആരംഭിക്കുന്ന യാത്ര, സിനിമാ സംവിധായകൻ മേജർ രവി ഉദ്ഘാടനം ചെയ്യും. സാമൂഹ്യ രാഷ്ട്രീയ രംഗത്തെ പ്രമുഖർ, വിമുക്തഭടന്മാർ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുക്കുന്ന യാത്ര രാജേന്ദ്ര മൈതാനു സമീപം ഗാന്ധി പ്രതിമയ്ക്ക് മുന്നിൽ സമാപിക്കും.

കണ്ണൂരിലും കോഴിക്കോട്ടും ഇന്ന് ത്രിവർണ സ്വാഭിമാനയാത്രയും സംഘടിപ്പിക്കും. കണ്ണൂരിൽ വൈകിട്ട് നാലിന് പ്രഭാത് ജങ്ഷനിലെ വിളക്കുന്തറയിൽ നിന്ന് ആരംഭിക്കുന്ന യാത്ര ഹെഡ് പോസ്റ്റ് ഓഫീസിന് മുന്നിലെ യുദ്ധസ്മാരകത്തിൽ സമാപിക്കും.

കോഴിക്കോട്ട് കിഡ്സൺ കോർണർ മുതൽ പുതിയ ബസ് സ്റ്റാൻഡ് വരെയാണ് യാത്ര സംഘടിപ്പിച്ചിരിക്കുന്നത്.

✪✪✪

രാജ്യത്തെ 700 ലേറെ ജില്ലകളിൽ ഈ മാസം 29 മുതൽ ജൂൺ 12 വരെ വികസിത് കൃഷി സംങ്കൽപ് അഭിയാൻ പ്രചാരണ യത്നം സംഘടിപ്പിക്കുമെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ അറിയിച്ചു. കാർഷിക മന്ത്രാലയവും കാർഷിക ഗവേഷക കൗൺസിലും കർഷകരുമായി കാർഷികമേഖലയുടെ വികസനം ലക്ഷ്യമിട്ടാണ് പ്രചാരണത്തിന് തുടക്കമിടുന്നത്. കേന്ദ്രത്തിന്റെ Lab to Land എന്ന ആശയത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്. കാർഷിക മേഖല വികസിപ്പിക്കാനും കർഷകർക്ക് നേരിട്ട് അതിന്റെ ഗുണഫലങ്ങൾ ലഭ്യമാക്കാനും പ്രചാരണം ലക്ഷ്യമിടുന്നു.

✪✪✪

പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്ന് 13,000 കോടിയിൽപരം രൂപ തട്ടിയെടുത്ത വജ്ര വ്യാപാരി നീരവ് മോദിയുടെ പുതിയ ജാമ്യാപേക്ഷ ലണ്ടൻ ഹൈക്കോടതി തള്ളി. നീരവ് മോദി അമ്മാവൻ മെഹുൽ ചോക്സിയ്ക്കൊപ്പം വൻ തുക ബാങ്കിനെ കബളിപ്പിച്ച് നേടിയെടുത്തെന്നാണ് കേസ്. ജയിലിൽ കഴിയുന്ന

നീരവ് മോദിയെ വിട്ടുകിട്ടണമെന്ന ഇന്ത്യയുടെ ആവശ്യത്തിനെതിരെയാണ് ഇയാൾ ഹർജി സമർപ്പിച്ചത്.

✪✪✪

തപാൽ വോട്ടുകൾ പൊട്ടിച്ച് തിരുത്തിയിട്ടുണ്ടെന്ന G.സുധാകരന്റെ പ്രസ്താവനയ്ക്കെതിരെ KPCCയും BJP യും രംഗത്ത് വന്നു. തെരഞ്ഞെടുപ്പ് കമ്മീഷൻ വിഷയം ഗൗരവമായി കാണണമെന്ന് അവർ ആവശ്യപ്പെട്ടു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.........വോയ്സ്.......

CPIMന്റെ നിരവധി തെരഞ്ഞെടുപ്പ് അട്ടിമറികളിൽ ഒന്നുമാത്രമാണ് G.സുധാകരൻ വെളിപ്പെടുത്തിയതെന്ന് KPCC പ്രസിഡന്റ് സണ്ണി ജോസഫ് തിരുവനന്തപുരത്ത് പറഞ്ഞു.

ജനാധിപത്യത്തെ അട്ടിമറിക്കുന്ന നടപടികളാണ് എന്നും CPIM-ൽ നിന്നും ഉണ്ടായതെന്നും അവരുടെ ക്രമക്കേടുകളും കള്ളവോട്ടും കണ്ടെത്തി ശക്തമായ നടപടിയെടുക്കണമെന്നും സണ്ണിജോസഫ് തെരഞ്ഞെടുപ്പ് കമ്മീഷനോട് ആവശ്യപ്പെട്ടു.

പോസ്റ്റൽ വോട്ടുകൾ സംബന്ധിച്ച G.സുധാകരന്റെ പ്രസ്താവന ഗൗരവകരമാണെന്ന് BJP മുൻ സംസ്ഥാന പ്രസിഡന്റ് K.സുരേന്ദ്രനും പറഞ്ഞു. വെളിപ്പെടുത്തൽ ഗൗരവത്തോടെ കണ്ട് ;തിരഞ്ഞെടുപ്പ് കമ്മീഷൻ നടപടിയെടുക്കണമെന്ന് സുരേന്ദ്രൻ കോഴിക്കോട്ട് ആവശ്യപ്പെട്ടു. ഇൻഡ്യ സഖ്യം വോട്ടിംഗ് യന്ത്രങ്ങളെ എതിർക്കുന്നത് എന്തിനാണെന്ന് ഇതോടെ ജനങ്ങൾക്ക് മനസിലായെന്നും സുരേന്ദ്രൻ പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയായ 51 റോഡുകൾ മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് ഉദ്ഘാടനം ചെയ്യും. LDF ഗവൺമെന്റിന്റെ നാലാം വാർഷികത്തിന്റെ ഭാഗമായാണ് ഓൺലൈനായി റോഡുകൾ നാടിന് സമർപ്പിക്കുന്നത്. ഇടുക്കിയിലെ അഞ്ച് റോഡുകളും ഇവയിൽ ഉൾപ്പെടുന്നു.

✪✪✪

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിനു സമീപം സിയാൽ അക്കാദമിയിൽ ഒരുക്കിയ ഹജ്ജ് ക്യാമ്പ് മന്ത്രി P. രാജീവ് ഉദ്ഘാടനം ചെയ്തു. ഹജ്ജ് യാത്രക്കാരുമായി പുറപ്പെടുന്ന ആദ്യ വിമാനം വൈകിട്ട് മന്ത്രി V അബ്ദുറഹ്മാൻ ഫ്ലാഗ് ഓഫ് ചെയ്യും.

ഹജ്ജ് കമ്മിറ്റി വഴി പോകുന്ന 16,015  തീർത്ഥാടകരിൽ 5,857 പേർ കൊച്ചി വിമാനത്താവളം വഴിയാണ് പോകുന്നത്. തമിഴ്നാട്ടിൽ നിന്ന് 199 പേരും ലക്ഷദ്വീപിൽ നിന്ന് 111 പേരും കൊച്ചി വഴിയാണ് പോകുന്നത്. ഈ മാസം 30 വരെയാണ് ഹജ്ജ് യാത്ര. അടുത്തമാസം 25 മുതൽ തീർഥാടകർ മടക്കയാത്ര ആരംഭിക്കും.

✪✪✪

അപകടങ്ങളിൽ ജീവൻ നഷ്ടമാകുന്നവരുടെ കുടുംബത്തെ സഹായിക്കാൻ കേന്ദ്ര ഗവൺമെന്റ് ആരംഭിച്ച പ്രധാൻ മന്ത്രി സുരക്ഷ ബീമ യോജന പത്ത് വർഷം പൂർത്തിയാക്കുകയാണ്. വർഷത്തിൽ  20 രൂപ മാത്രം പ്രീമിയം അടച്ച് ചേരാനാവുന്നതാണ് ഈ പദ്ധതി.

ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO.ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്.

........വോയ്സ്.......

അപകടത്തിൽപ്പെട്ട് ജീവഹാനി സംഭവിക്കുന്നവരുടെ കുടുംബത്തിന് രണ്ട് ലക്ഷം രൂപയാണ് ഈ പദ്ധതിയിലൂടെ ലഭിക്കുന്നത്. ശാരീരിക അവശതകൾ നേരിടുന്നവർക്കും ധനസഹായം ലഭിക്കും. കോളയാട് പെരുവ ഉന്നതിയിലെ ബാബു കഴിഞ്ഞ വർഷം ഓഗസ്തിലാണ്  ജോലി കഴിഞ്ഞ് മടങ്ങി വരവെ പുഴയിൽ കാൽ വഴുതി വീണ് മരണമടഞ്ഞത്. നേരത്തെ ഈ പദ്ധതിയിൽ അംഗമായി ചേർന്ന ബാബുവിന്റെ കുടുംബത്തിന് രണ്ട് ലക്ഷം രൂപ് ലഭിച്ചു .തുക കിട്ടിയത് വലിയ സഹായമായെന്ന് ബാബുവിന്റെ മകൾ ഷിബിന ആകാശവാണിയോട് പറഞ്ഞു

SHIBINA BYTE

✪✪✪

അടുത്ത മാസം 28 മുതൽ ജൂലൈ 22 വരെ നടത്തുന്ന ഇംഗ്ലണ്ട് പര്യടനത്തിന് 15 അംഗ ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീമിനെ  BCCI പ്രഖ്യാപിച്ചു. അഞ്ച് ട്വന്റി-20 അന്താരാഷ്ട്ര മത്സരങ്ങളും മൂന്ന് ഏകദിന മത്സരങ്ങളും പര്യടനത്തിൽ ഉണ്ട്. രണ്ടിലും ഹർമൻപ്രീത് കൗർ ക്യാപ്റ്റനും  സ്മൃതി മന്ദാന വൈസ് ക്യാപ്റ്റനുമാണ്.

✪✪✪

ദോഹയിൽ, ജാവലിൻ ത്രോ ഡയമണ്ട് ലീഗ് മീറ്റിൽ ആദ്യ മത്സരത്തിനായി നീരജ് ചോപ്ര ഇന്നിറങ്ങും. ഈ മാസം 24 ന് ബെംഗളൂരുവിൽ നടത്താനിരുന്ന NC ക്ലാസിക് റദ്ദാക്കിയതിനാൽ, നീരജ് ഏറ്റവും മികച്ച പ്രകടനം കാഴ്ച വെക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

✪✪✪

KPCC പ്രസിഡന്റ് സണ്ണി ജോസഫ് ഇന്ന് വയനാട് കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ വിവിധ പരിപാടികളിൽ പങ്കെടുക്കും.

രാവിലെ വയനാട് DCC ഓഫിസും ഉച്ചയ്ക്ക് കോഴിക്കോട് DCC ഓഫിസും അദ്ദേഹം സന്ദർശിക്കും. വൈകിട്ട് കണ്ണൂരിലെ സ്വീകരണ പരിപാടിയിലും സണ്ണി ജോസഫ്സംബന്ധിക്കും.

✪✪✪

തിരുവനന്തപുരത്ത് ജൂനിയർ അഭിഭാഷകയെ മർദിച്ച കേസിൽ സീനിയർ അഭിഭാഷകൻ ബെയ്‌ലിൻ ദാസിനെ പൊലീസ് അറസ്റ്റ് ചെയ്തു. തിരുവനന്തപുരം സ്റ്റേഷൻ കടവിൽ നിന്നാണ് ഇയാളെ പിടികൂടിയത്. തിരുവനന്തപുരം അഡീഷണൽ സെഷൻസ് കോടതിയിൽ ഇന്നലെ ബെയ്‌ലിൻ ദാസ് മുൻകൂർ ജാമ്യാപേക്ഷ നൽകിയിരുന്നു .

✪✪✪

ചെങ്ങറ പുനരധിവാസ പാക്കേജ് പ്രകാരം അനുവദിച്ച ഭൂമി അളന്നുതിരിച്ച് പ്ലോട്ട് നമ്പർ രേഖപ്പെടുത്തി പുതുക്കിയ സ്കെച്ച് നൽകുന്നതിന് കാസർഗോഡ് ജില്ലാ കളക്ടർ കെ ഇമ്പശേഖർ ഉത്തരവിട്ടു. ഹോസ്ദുർഗ് താലൂക്കിലെ പെരിയ വില്ലേജിലാണ് ഭൂമി അനുവദിച്ചിരിക്കുന്നത്.

✪✪✪

ആകാശവാണി മഞ്ചേരി FM മറ്റന്നാൾ മലപ്പുറം മുൻസിപ്പൽ ടൗൺഹാളിൽ ഇശൽ തേന്മഴ എന്ന കലാവിരുന്നും നാടകാവതരണവും സംഘടിപ്പിക്കും. മഞ്ചേരി നിലയത്തിന്റെ മൈലാഞ്ചി മൊഞ്ച് മാപ്പിളപ്പാട്ട് പരിപാടി 75 ഭാഗം പിന്നിടുന്നതിന്റെ ഭാഗമായി മാപ്പിളപ്പാട്ടിന്റെ വികാസ പരിണാമങ്ങൾ എന്ന സംവാദവും ഒരുക്കിയിട്ടുണ്ട്. മലപ്പുറം മുൻസിപ്പൽ ചെയർമാൻ മുജീബ് കാടേരി പരിപാടി ഉദ്ഘാടനം ചെയ്യും.

✪✪✪

വയനാട് പനമരം പുഴയിൽ കാണാതായ യുവാവിന്റെ മൃത ദേഹം കണ്ടെത്തി. മാതോത്തു പൊയിൽ വാകയാട്ട് ഉന്നതിയിലെ സഞ്ജുവിന്റെ മൃതദേഹമാണ് ലഭിച്ചത്. ഇന്നലെ വൈകിട്ട് സുഹൃത്തിനൊപ്പം ചങ്ങാടത്തിൽ മീൻ പിടിക്കുന്നതിനിടെ പുഴയിലേക്ക് കാൽവഴുതി വീഴുകയായിരുന്നു.

✪✪✪

അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി എംപ്ലോയീസ് അസോസിയേഷൻ സംസ്ഥാന സമ്മേളനം ഇന്നും നാളെയും കാസർഗോഡ് പടന്നക്കാട് കാർഷിക കോളേജിൽ നടത്തും.

ഉച്ചയ്ക്ക് കൗൺസിൽ യോഗത്തിന് ശേഷം വൈകീട്ട് UGC ഡ്രാഫ്റ്റ് റഗുലേഷൻ 2025 പ്രശ്നങ്ങളും പ്രതിരോധവും എന്ന വിഷയത്തിൽ M.രാജഗോപാലൻ MLA സെമിനാർ ഉദ്ഘാടനം ചെയ്യും.

✪✪✪

കിഫ്ബി സഹായത്തോടെ നിർമിക്കുന്ന തലശ്ശേരിയിലെ കടൽപ്പാലം, എലിവേറ്റഡ് വാക്ക് വേയുടെയും സൈറ്റ് ബ്യൂട്ടിഫിക്കേഷന്റെയും പ്രവൃത്തി ഈ മാസം അവസാനത്തോടെ ടെണ്ടർ ചെയ്യാൻ തീരുമാനമായി. നിയമസഭാ സ്പീക്കർ AN ഷംസീറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് തീരുമാനം.

✪✪✪

ഇടതു ഗവൺമെന്റിന്റെ നാലാം വാർഷികത്തോടനു ബന്ധിച്ച 'എന്റെ കേരളം പ്രദർശന വിപണന കലാമേള വൈകിട്ട് പത്തനംതിട്ട ശബരിമല ഇടത്താവളത്തിൽ മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും. ഈ മാസം 22 വരെ മേള തുടരും.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*News Team:നിമിഷ ജി*
*DEO: സി കെ സുബോധ്*